# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1039** **11.7.2011 ന് മറുപടിക്ക്**

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ വികസനം

**ചോദ്യം** **ഉത്തരം**

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ വികസനത്തിന് ഐ.ടി.ഐ.യോടു ചേർന്നുള്ള പി.ഡബ്ല്യു.ഡി മെക്കാനിക്കൽ സെക്ഷന്റെ 59 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഐ.ടി.ഐ.യുടെ വികസനത്തിന് ഏതു രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്;

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ മെക്കാനിക്കൽ സബ്ഡിവിഷന്റെ കൈവശമുള്ള 59 സെന്റ് ഭൂമി ചാലക്കുടി ഐ.ടി.ഐ. യുടെ വികസനത്തിനായി സൗജന്യമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി സ്ഥലം ഐ.ടി.ഐ.യ്ക്ക് വേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. ഈ സ്ഥലം ചാലക്കുടി ഐ.ടി.ഐ. യുടെ വികസനത്തിനായി ലൈബ്രറി, കാന്റീനും എന്നിവ നിർമ്മിക്കുന്നതിനും ഇപ്പോൾ എൻ.സി.വി.ടി നിയമം അനുസരിച്ച് ആവശ്യമായ സ്ഥല സൗകര്യമില്ലാത്ത ട്രേഡുകളുടെ വർക്ക്ഷോപ്പുകൾ പണിയുന്നതിനും ഐ.ടി. ലിറ്ററസി ഹാളും ഓഡിയോ വിഷ്വൽ ഹാളും പണിയുന്നതിനും ഉദ്ദേശിക്കുന്നു.

(സി) ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) ചാലക്കുടി ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ ആലോചിക്കുന്നില്ല.

സെക്ഷൻ ഓഫീസർ